**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം - 14**

വിഷയം - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - ജീവനക്കാര്യം- ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി വകുപ്പിലെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ നിയമനം നൽകുന്നത്- ശ്രീ. അജയകുമാർ. വി, നഴ്സിംഗ് അസിസ്റ്റന്റ്, ഇ.എസ്.ഐ ഡിസ്പെൻസറി,കേരളപുരത്തെ ക്ലാർക്കായി നിയമിച്ച് ഉത്തരവാകുന്നത്- സംബന്ധിച്ച്-

പരാമർശം - 1) 03/01/2014-ലെ സ.ഉ (പി) നം. 01/2014/ഉ.ഭ.പ.വ ഉത്തരവ്
2) 19/02/2014-ലെ സ.ഉ (പി) 21/2014 ഉ.ഭ.പ.വ ഉത്തരവ്
3) U.O Note No. E5-3384/2015/DIMS dated, 29/07/2015.

**ഉത്തരവ് നം - ഇ 2 -15377/2014/ഡി.ഐ.എം.എസ്, തീയതി, 05/08/2015 ,**

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക് /എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ത്തിലേയ്ക്ക് അതാത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) ഉത്തരവിലെ നിബന്ധനകൾ പ്രകാരം വകുപ്പിലെ ജില്ലാ തലത്തിലുള്ള എൽ.ഡി. ക്ലാർക്ക് തസ്തികയിലെ cadre strength നിജപ്പെടുത്തി തസ്തികമാറ്റ നിയമനത്തിനുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ .തിരുവനന്തപുരം ജില്ലയിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുകയുണ്ടായി.

പരാമർശം (3) പ്രകാരം ക്ലാർക്ക് തസ്തികയിലെ ആദ്യ ഒഴിവിലെ നിയമനത്തിനായി തിരുവനന്തപുരം ജില്ലയിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് പരിശോധിച്ചതിൽ അപേക്ഷ സമർപ്പിച്ചവരിൽ സീനിയറായ കേരളപുരം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ നഴ്സിംഗ് അസിസ്റ്റന്റ് ശ്രീ. അജയകുമാർ.വി, .ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനത്തിന് അർഹനാണെന്ന് കാണുന്നു. ടിയാന്റെ സർവ്വീസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| *പേര്, തസ്തിക* | *ജനനതീയതി* | *സർവ്വീസിൽ പ്രവേശിച്ച തീയതി* | സംയോജിത സീനിയോറിറ്റി ലിസ്റ്റ് ക്രമനമ്പർ | *വിദ്യാഭ്യാസ യോഗ്യത* | *റിമാർക്ക്സ്* |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| ശ്രീ. അജയകുമാർ.വി | 20/03/1965 | 17/12/1992 | 2 | എസ്.എസ്.എൽ,സി | .17-12-1992-ൽ ഹോസ്പിറ്റൽ അറ്റൻഡന്റ്ഗ്രേഡ്-II ആയി ജോലിയിൽ പ്രവേശിച്ചു. |

മേൽസാഹചര്യത്തിൽ, കേരളപുരം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ നഴ്സിംഗ് അസിസ്റ്റന്റ് ശ്രീ. അജയകുമാർ.വി, യെ തസ്തികമാറ്റം മുഖാന്തിരം 9940-16580 രൂപ ശമ്പളസ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി നാവായിക്കുളം ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിലവിലുള്ള ഒഴിവിൽ ക്ലാർക്കായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ടിയാൻ നിയമ പ്രകാരമുള്ള പ്രൊബേഷനിലായിരിക്കുന്നതും ജിഒ(പി)85/2011/ഫിൻ/ തിയതി 26/02/2011 ഉത്തരവു പ്രകാരമുള്ള ഓപ്ഷൻ നൽകേണ്ടതുമാണ്.

ടിയാൻ വിടുതൽ ചെയ്ത തിയതിയും ജോലിയിൽ പ്രവേശിച്ച തിയതിയും യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ് )
ഡോ. എം. ബീനത്ത്,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ.

സ്വീകർത്താവ്

ശ്രീ. വി. അജയകുമാർ,
നഴ്സിംഗ് അസിസ്റ്റന്റ്,
ഇ.എസ്.ഐ ഡിസ്പെൻസറി, കേരളപുരം
(ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ മുഖാന്തിരം)

പകർപ്പ്-

1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്, സൗത്ത്സോൺ, കൊല്ലം.
2) ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്,ഐ ഡിസ്പെൻസറി, കേരളപുരം ((ടിയാനെ പകരം ആളിനെ കാത്തിരിക്കാതെ ഉത്തരവ് കൈപ്പറ്റുന്ന മുറയ്ക്ക് വിടുതൽ ചെയ്യേണ്ടതാണ്..
3) സി.എ ടൂ ഡയറക്ടർ ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്/ജോയിന്റ് ഡയറക്ടർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ ഫിനാൻസ് ഓഫീസർ/ എസ്റ്റാബ്ലിഷ്മെന്റ് സൂപ്രണ്ട്.
4) ഇ 5 സെക്ഷൻ/ഫയൽ/സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.

GS/-